ഉളിത് വിഭാഗങ്ങൾക്ക് വൈദ്യുതി നൽകുന്നതിനായി പ്രത്യേക പദ്ധതികൾ

59 [2048] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണമേഖലയിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള പദ്ധതികൾ എത്ര നാളുകൾകൊണ്ട് പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്; ഇത് ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) സംസ്ഥാനത്തെ ഉളിത് വിഭാഗങ്ങൾക്ക് വൈദ്യുതി നൽകുന്നതിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിന്റെ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി പ്രകാരം കേരളത്തിലെ 14 ജില്ലകളിലെ 3578 കരകൾ വൈദ്യുതീകരിക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു. ഇതിൽ 7 ജില്ലകളിലെ കരകൾ വൈദ്യുതീകരിക്കുന്നതിനുള്ള അനുമതി ലഭിച്ചുകഴിഞ്ഞു. 31-3-2007-ന് മുമ്പായി ഈ പദ്ധതിയുമായി ബന്ധപ്പെട്ട പണികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അനുമതി ലഭിച്ച 7 ജില്ലകളിലെ (ഇടുക്കി, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ്) പണി തുടങ്ങുന്നതിനുള്ള പദ്ധതി വിഹിതം ലഭിക്കണമെങ്കിൽ സംസ്ഥാന ഗവൺമെന്റും പദ്ധതിയുടെ ഫണ്ടിംഗ് ഏജൻസിയായ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനും ബോർഡുമായുള്ള ത്രികക്ഷി കരാർ വെക്കയ്ണം. ഇതിനുള്ള നടപടികൾ നടന്നുവരികയാണ്.

(ബി) കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രി ഗ്രാമോദയ യോജനയിൽ (പി. എം. ജി. വൈ.) ഉൾപ്പെടുത്തി 454, എസ്.സി/എസ്.ടി കോളനികൾക്ക് വൈദ്യുതി നൽകുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിക്ക് 11.89 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി ചെലവിന്റെ ആദ്യ ഗഡുവായ 5.945 കോടി രൂപ ബോർഡിന് ലഭിച്ചിട്ടുണ്ട്. ഇതിൽ ഇതുവരെയായി 3.0438 കോടി രൂപ ചെലവാക്കി, 134 കോളനികളുടെ വൈദ്യുതീകരണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള വൈദ്യുതീകരണ പ്രവർത്തികൾ 31-12-2005-നകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കാർഷിക ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വൈദ്യുതി ചാർജ്ജിൽ ഇളവ്

60 [2049] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വൈദ്യുതി ചാർജ്ജിൽ ഇളവ് നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

LIBRARY ARCHIVES Kerala Legislative Assembly